**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **10-08-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവർത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്തിൽ നിന്നും കുന്നംകാട് കോളനിയും എലപ്പുള്ളി പഞ്ചായത്തിൽ നിന്നും കള്ളാംന്തോട് കോളനിയും അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 2021-22 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുന്നംകാട് കോളനിയുടെ പ്രവൃത്തി പുരോഗതിയിലാണ്. കള്ളാംന്തോട് കോളനിയുടെ നവീകരണത്തിനായി KEL(Kerala Electrical and Allied Engineering Limited) എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. രണ്ട കോളനികൾക്കും ഓരോ കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ